# ബലികളത്തിലേക്ക്

ഗാനങ്ങൾ, നാടകങ്ങൾ, സംഗീതശില്പങ്ങൾ

## ഹാലി ധൂമകേതുവിന് സ്വാഗതം



## ശാസ്ത്രകലാജാഥ–'85

നവംബർ 7 — ഡിസംബർ 7

Malayalam
Belikkalathilekku
Ganangal, Sangeethasilpangal, Natakangal
Kerala Sastra Sahitya Parishad
First Published, November 1985
Mangalodayam Press, Trichur.
Price One Rupee.

KSSP SKJ 1/85 Cr/8 2/5000

# എന്തുകൊണ്ട്?

എന്തുകൊണ്ട്?
എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്? (എന്തുകൊണ്ട്)
മാനത്തുമാരിവില്ലെന്തുകൊണ്ട്
താരങ്ങൾ മിന്നുന്നതെന്തുകൊണ്ട്
എന്തുകൊണ്ട്, എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊണ്ടെന്തുകൊണ്ട്?
തുമ്പപ്പൂവെന്തേ വെളുത്തിരിക്കാൻ?
ചെമ്പരത്തിപ്പൂ ചുവന്നിരിക്കാൻ?
മിന്നാമിനുങ്ങിന്റെ പിന്നിലിടക്കിടെ
ചൂട്ടു മിന്നീടുന്നതെന്തുകൊണ്ട്
എന്തുകൊണ്ട്.........
കാക്കയും പ്രാവും പറക്കുന്നപോലെന്റെ
പൂച്ച പറക്കാത്തതെന്തുകൊണ്ട്?
അണ്ണാറക്കണ്ണനും കുഞ്ഞിക്കിളികളും
ആർത്തുചിരിക്കുന്ന ചേലിലെൻ മാമ്പഴം
പൊട്ടിച്ചിരിക്കാത്തതെന്തുകൊണ്ട്?
എന്തുകൊണ്ട്?
അങ്ങേ മലയിലെ മാമരമൊക്കെയും
കള്ളന്മാർ വെട്ടുന്നതെന്തുകൊണ്ട്?
എന്തുകൊണ്ട്.........

എന്നും ചിരിക്കേണ്ട കുഞ്ഞിളം കണ്ണുകൾ
എന്നും കരയുന്നതെന്തുകൊണ്ട്?
എന്തുകൊണ്ട്?
കുട്ടനും കുഞ്ഞിച്ചിരുതയുമമ്മയും
പിച്ചതെണ്ടീടുന്നതെന്തുകൊണ്ട്?
എന്തുകൊണ്ട്?
ജാതിമതങ്ങൾതൻ വേലികൾക്കുള്ളിൽ നാം
നീറിപ്പിടയുന്നതെന്തുകൊണ്ട്?
എന്തുകൊണ്ട്?........
പട്ടിണിയെന്തുകൊണ്ട്?
ദാരിദ്ര്യമെന്തുകൊണ്ട്?
അജ്ഞതയെന്തുകൊണ്ട്?
എന്തുകൊണ്ട്?
എന്തുകൊണ്ട്?
എന്തുകൊണ്ടെന്തുകൊ, ണ്ടെന്തുകൊണ്ടെന്നുള്ള
ചോദ്യമുയർത്തുവാൻ നേരമായീ........
എങ്ങെ,ങ്ങനീതി തലയുയർത്തീടുന്നീ–
തങ്ങൊക്കെയങ്ങൊക്കെ നിർഭീതരായ്
നെഞ്ചും തലയുമുയർത്തി, യത്യുച്ചത്തിൽ
എന്തുകൊണ്ടെന്നുള്ള ചോദ്യമുയർത്തുവിൻ.

□

# അദ്ധ്യാനം സമ്പത്ത്

നല്ല കുട്ടികൾ വരുന്നു. ഇരിക്കുന്നു.

മടിയൻകുട്ടികൾ വരുന്നു. ഇരിക്കുന്നു.

ഗുരു വരുന്നു. കുട്ടികൾ എഴുന്നേററ് വണങ്ങുന്നു. ഗുരു ആശീർവദിക്കുന്നു. ഗുരു ഇരിക്കുന്നു. കുട്ടികൾ ഇരിക്കുന്നു. ഗുരു എഴുത്തുസാമഗ്രികൾ എടുക്കാൻ ആവശ്യപ്പെടുന്നു.

ഗുരു: വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ വരദയെ
വന്ദിപ്പിൻ ഉപാസ്യരായുള്ളോർക്കുമുപാസ്യയെ
(ഓരോ വരിയും കുട്ടികൾ ശ്രദ്ധിക്കുന്നു. എഴുതുന്നു. ആവർത്തിച്ച് ചൊല്ലുന്നു. എഴുത്തുപകരണങ്ങൾ താഴെ വെയ്ക്കുന്നു.)

ഗുരു: പ്രിയ ശിഷ്യരെ! ഇന്നു നമുക്ക് പഠിക്കാനുള്ളത് ഒരു പുതിയ പാഠമാണ്. വളരെ പ്രധാനപ്പെട്ട പാഠം. ഞാൻ ഇരുകൂട്ടർക്കും ഓരോ പിടി ധാന്യം നല്കുന്നതാണ്. അവ ഇരട്ടിപ്പിച്ച് മാസങ്ങൾക്കുശേഷം നിങ്ങൾ എന്നെ വന്നു കാണണം. (ധാന്യക്കിഴികൾ എടുത്തു കൊടുക്കുന്നു.)

ശിഷ്യർ: ഗുരോ! ഞങ്ങൾ ഇതെങ്ങനെയാണ് ചെയ്യുക?

ഗുരു: അതാണ് ഇതിൽനിന്നും പഠിക്കേണ്ടപാഠം! അതിനായി നിങ്ങളുടെ അറിവും ബുദ്ധിയും ഉപയോഗിക്കുക. വിജയീഭവ!! (പോകുന്നു)

ശിഷ്യർ: (ഒത്തുകൂടി ആലോചിക്കുന്നു) നമ്മളിതു് എങ്ങനെ ഇരട്ടിപ്പിക്കും? (ആലോചന വീണ്ടും. വീണ്ടും ഒത്തുകൂടുന്നു.)

നല്ല കുട്ടികൾ: ഏതായാലും വരുന്നതുവരട്ടെ (പോകുന്നു)

ചീത്ത കുട്ടികൾ: (ആലോചന)

ഒരു കുട്ടി: എനിക്കൊരു ബുദ്ധി തോന്നുന്നു. അങ്ങ് ഗ്രാമത്തിൽ ഒരു മന്ത്രവാദിയുണ്ട്. അയാൾ ആകാശത്തുനിന്നും ഭസ്മമെടുക്കും. ആപ്പിളെടുക്കും. നമുക്ക് അദ്ദേഹത്തെ പോയിക്കണ്ടാലോ? അദ്ദേഹത്തിന് ഇതു് ഇരട്ടിപ്പിക്കാൻ കഴിയും!

പെൺകുട്ടി: അയാൾ ഒരു കള്ളമന്ത്രവാദിയാണെങ്കിലോ?

ആദ്യത്തെയാൾ: അല്ല. അല്ല. വരു നമുക്ക് പോകാം (പോകുന്നു)

II

മന്ത്രിവാദിയും ശിഷ്യനും വരുന്നു. (രാമ രാമ രാമ ‥)

ശിഷ്യൻ: ഭക്തജനങ്ങളെ! നമ്മുടെ ദിവ്യനായ മന്ത്രവാദി ഇതാ എഴുന്നള്ളിയിരിക്കുന്നു. അദ്ദേഹം ആകാശത്തുനിന്നും ഭസ്മമെടുക്കും. ആപ്പിളെടുക്കും. നിങ്ങൾക്ക് എന്തെങ്കിലും ചോദിക്കാനുണ്ടോ? ഭക്തജനങ്ങൾക്ക് വരാം.

(ഹൃദ്രോഗി വരുന്നു) എന്താണ് എന്താണ് എന്താണ് വേണ്ടതു്?

രോഗി: എനിക്കു സന്യാസിയെ കാണണം. ഹരഹരോ ഹര ഹര (പ്രണമിക്കുന്നു) ഞാനൊരു ഹൃദ്രോഗിയാണ്. അങ്ങ് ആകാശത്തുനിന്നുമെടുക്കുന്ന ഭസ്മം തന്ന് എന്റെ രോഗം മാററിയാലും.

മന്ത്ര: ഭക്താ! ഓം ഹ്രീം! ക്ലീം! ഹ്രീം ക്ലീം! സ്വാഹ!! (ഭസ്മം കൊടുക്കുന്നു.)

രോഗി: ഹായ്! എന്തത്ഭുതം! (കാല്ക്കൽവീഴുന്നു. ഭസ്മം പൂശുന്നു പോകുന്നു. പോകുമ്പോൾ ശിഷ്യൻ തടഞ്ഞു നിർത്തി പണമെടുക്കുന്നു.)

ശിഷ്യൻ: പ്രതിഫലമല്ല—പ്രതിഫലമല്ല. സംഭാവന! സംഭാവന! (രോഗി പോകുന്നു) ഇനി ആരെങ്കിലും വരാനുണ്ടോ? (ചീത്ത കുട്ടികൾ വരുന്നു.)

ശിഷ്യൻ: എന്താണ്? എന്താണ്?

കുട്ടികഠ: ഞങ്ങഠക്ക് മന്ത്രവാദിയെ ഒന്നു കാണണം. ഞങ്ങളുടെ കയ്യിൽ ഒരു പിടി ധാന്യമുണ്ട്. അതു് ഇരട്ടിപ്പിച്ചു കിട്ടണം.

ശിഷ്യൻ: നിങ്ങഠക്ക് ആകാശത്തുനിന്നും ഭസ്മം വേണോ? തരാം! ആപ്പിഠ വേണോ? തരാം!

കുട്ടികഠ: ഞങ്ങഠക്ക് ധാന്യം ഇരട്ടിപ്പിക്കുകയാണ് വേണ്ടതു്.

(ശിഷ്യനും മന്ത്രവാദിയും രഹസ്യം പറയുന്നു)

മന്ത്രു: നിങ്ങഠ മററന്തെങ്കിലും ചോദിക്കൂ?

പെൺകുട്ടി; ഞാൻ പറഞ്ഞില്ലേ ഇയാഠ ഒരു കള്ള മന്ത്രവാദിയാണെന്നു്! നോക്കൂ. ഞങ്ങഠക്ക് ആകാശത്തു നിന്നും ഒരു വലിയ മത്തങ്ങ തരാമോ?

മന്ത്രു; അവരെ പിടിച്ചു പുറത്താക്കൂ. (ശിഷ്യൻ പുറത്താക്കുന്നു)

ശിഷ്യൻ: (ജനങ്ങളോടു്) ഭക്തജനങ്ങളെ, മന്ത്രവാദിക്ക് ധ്യാനനിരതനാകാനുള്ള സമയമായി. (പോകുന്നു)

III

(ചീത്ത കുട്ടികഠ ക്ഷീണിതരായി പ്രവേശിക്കുന്നു. പലിശക്കാരൻ വരുന്നു.

പലിശ: ഒന്നു വച്ചാൽ രണ്ട് — രണ്ടു വച്ചാൽ നാലു് — ഒന്നു് രണ്ട് — ഒന്നു് — രണ്ട്.

കുട്ടികഠ: ഹേ! പലിശക്കാരാ! ഞങ്ങളെ ഒന്നു സഹായിക്കാമോ? ഈ ധാന്യം ഇരട്ടിപ്പിച്ചുതരാമോ?

പലിശ: ഇതു് പണമാണ് — പണം. ഒന്നു് — രണ്ട് (പോകുന്നു.)

കുട്ടി: അയ്യോ! വിശന്നിട്ടു വയ്യ. എനിക്കിനി ഒരടി പോലും നടക്കാനാവില്ല. ഞാനിവിടെ ഇരിക്കാൻ പോകുന്നു.

പെൺകുട്ടി: ഞാനും (ഇരിക്കുന്നു) —

കുട്ടി II : ഞാനും (ഇരിക്കുന്നു—ഉറങ്ങുന്നു. കുട്ടി I എഴു ന്നേററു നോക്കുന്നു.)

കുട്ടി I : ഹായ്! ഉറക്കമായി (ധാന്യം എടുത്തുതിന്നുന്നു)

പെൺകുട്ടി: (ഉണർന്നു്) ങേ!

കുട്ടി I : വിശപ്പ് സഹിക്കാൻ വയ്യായിരുന്നു. ഞാനതു മുഴുവനും തിന്നു.

പെൺകുട്ടി: ഇനി ഗുരുവിനോടു് നാമെന്തു പറയും?

കുട്ടി II : നമുക്കു് സത്യം തുറന്നുപറയാം. (എല്ലാവരും പോകുന്നു.)

## IV

ഗുരു പ്രവേശിക്കുന്നു. ചീത്ത കുട്ടികൾ വരുന്നു

ഗുരു: നിങ്ങൾ പോയ കാര്യം എന്തായി?

കുട്ടികൾ: ക്ഷമിക്കണം ഗുരോ! ഒരുപാടു വഴികൾ ശ്രമിച്ചുനോക്കി. മന്ത്രിവാദികളും പലിശക്കാരനും ധാന്യം ഇരട്ടിപ്പിക്കാൻ കഴിഞ്ഞില്ല. നടന്നുനടന്നു് വിശപ്പ് സഹിക്കാതായപ്പോൾ ഞങ്ങളതു് തിന്നു.

നല്ല കുട്ടികൾ ചാക്കുകളുമായി വരുന്നു.

ഗുരു: ഹായ്! നിങ്ങൾക്കിതു് എങ്ങനെ കഴിഞ്ഞു?

കുട്ടികൾ: ഗുരോ! അങ്ങു് ഗ്രാമത്തിൽ ഒരു കൃഷിക്കാരനെ ഞങ്ങൾ ചെന്നു കണ്ടു. അയാൾ ഞങ്ങളെ സഹായിച്ചു അങ്ങു് തന്ന ധാന്യം ഞങ്ങൾ വിതച്ചു. കഠിനമായി അദ്ധ്വാനിച്ചു. ധാന്യം ചാക്കുകണക്കിനു് ഇരട്ടിച്ചു.

ഗുരു: മിടുക്കന്മാർ! ശരിയായ മാർഗ്ഗംതന്നെ. (തിരിഞ്ഞ്) ശുദ്ധവിഡ്ഢികളേ! മായംകൊണ്ടോ മന്ത്രംകൊണ്ടോ ഈ ലോകത്തു് ഒന്നും നേടാൻ കഴിയില്ല. അദ്ധ്വാനിക്കണം. അദ്ധ്വാനമാണു് സമ്പത്തു്. പ്രിയ കൂട്ടുകാരേ—നിങ്ങൾ ഒരു കാര്യം മനസ്സിലാക്കുക. അദ്ധ്വാനമല്ലാതെ പുരോഗതിക്കു് മററു മാർഗ്ഗങ്ങളില്ല. □

# പുതിയ ഗീതകം

ഈ നീലവാനങ്ങളിൽ
തഴുകിയെത്തുമിളം കാററിൽ
കളകളം പാടുമീ പുഴകളിൽ വിഷം തുപ്പു-
മസുരരേ ഞങ്ങൾ വന്നിതാ ഈ-
പുതിയ കുരുക്ഷേത്ര ഭൂമിയിൽ ഈ-
പുതിയ കുരുക്ഷേത്ര ഭൂമിയിൽ
ഞങ്ങളീ മനുഷ്യനേകി അഗ്നി, അക്ഷരം, അറിവും
നിങ്ങളോ തിരിച്ചു നല്കി ബോംബുകൾ മിസൈലുകൾ
ഞങ്ങളീ പ്രപഞ്ചസത്യമെങ്ങുമാർത്തു പാടിയപ്പോൾ
നിങ്ങൾ നാവുകൾ അറുത്തു കുരുതിയൊരുക്കി
ഒരു കോപ്പവിഷം മിഴിയടഞ്ഞ സോക്രട്ടീസ്
ഒരു തീപ്പന്തം, വെന്തെരിഞ്ഞ ബ്രൂണോ
പുത്രിയുടെ ശവം മിഴിനിറഞ്ഞ മാർക്സ്
എത്ര കരിങ്കുരുക്കൾ ചരിത്രപാതയിൽ
ഇന്നുമാ കരിഞ്ഞ മാംസഗന്ധമരിച്ചെത്തുന്നു
നിങ്ങൾ തീർത്ത ഹിരോഷിമകളും നാഗസാക്കി
മണ്ണുമാത്തു ചിരിച്ചിടുന്നു
കൊന്നുകൂട്ടുവാൻ മനുഷ്യരാശിയെ-
ഒരൊററക്കമ്പിൽ ഭസ്മമാക്കുവാൻ നിങ്ങൾ-
തീർത്തുകൊള്ള നൂറു ബോംബുകൾ
പക്ഷെ ഞങ്ങൾ, നിങ്ങൾ വിഷമൊഴുക്കി ജീർണ്ണമായ
നൈൽ തെംസ് ഗംഗ യമുന ചാലിയാർ തീരവാസികൾ
ഞങ്ങൾ മർത്ത്യരൊത്തു പാടിടുന്നു പുതിയ ഗീതകം

# –ബലിക്കളത്തിലേക്ക് –

വിളംബരം.–

''ഗർദ്ദഭപുരി വാഴും ജനകീയ ജനായത്ത ജനകീയ മന്ത്രി രാജമാന്യരാജശ്രീ കഃഗർദ്ദഭ തിരുമനസ്സുകൊണ്ട് നാടിന്റെ പള്ളിക്കൂടഭരണക്രമങ്ങളിൽ ഈയിടെ കണ്ടുവരുന്ന മൂല്യച്യുതിയിൽ മനംതകന്ന് അതിൽ വരുത്തേണ്ട മാററങ്ങൾക്ക് കരടുരേഖ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ജനസമ്പർക്കയജ്ഞത്തിന്റെ ഭാഗമായി ഇവിടേയും എത്തിച്ചേരുന്നതാണ്.''

(അകലെനിന്നും വാദ്യമേളങ്ങളോടെ മന്ത്രിയെ മൂന്നു പേർ ആനയിച്ചുകൊണ്ടുവരുന്നു. കൂടെ സെക്രട്ടറിയുമുണ്ട്. എല്ലാവരും വേദിയിൽ ഉപവിഷ്ടരാകുന്നു. ചടങ്ങ് ആരംഭിക്കുന്നു.)

ഒരാൾ: ഗർദ്ദഭപുരി വാഴും മഹാമന്ത്രി കഃഗർദ്ദഭ തിരുമനസ്സിന്റെ ഭരണത്തിൻ കീഴിൽ സസുഖം വാണരുളുന്ന കൃമികീടങ്ങളെ, മാന്യമഹാ പ്രജകളെ, ജനസമ്പർക്കയജ്ഞത്തിന്റെ ഭാഗമായി ഇവിടെ സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന ഈ മഹായോഗം ആരംഭിക്കുകയായി. ആദ്യമായി ബഹുമന്ത്രിയുടെ ഞെട്ടൽ. (മന്ത്രി ഞെട്ടുന്നു)

അടുത്തതായി വിദ്യാഭ്യാസചർച്ച, ഉദ്ഘാടനം ബഹുമന്ത്രി കഃഗർദ്ദഭ തിരുമനസ്സ്.

മന്ത്രി: നമ്മുടെ പുണ്യപുരാണ ഗർദ്ദഭപുരിയിലെ വിദ്യാഭ്യാസ മൊത്തക്കച്ചവടത്തിൽ നമ്മോടു സഹകരിക്കുന്ന, ഗർദ്ദഭപുരിയുടെ മന്ത്രിമാർ ആരെന്നു നിശ്ചയിക്കുന്ന; അവരെ താങ്ങിനിർത്തുന്ന ബഹുമാന്യരായ

കരിങ്കൽത്തുണുകളെ, ഈ യോഗനടപടികഠം വീക്ഷിക്കാനെത്തിയ എൻെറ കണ്ണിലുണ്ണികളായ പ്രജകളെ, നിങ്ങഠംക്കു സ്വസ്തി. ഞാൻ ഇപ്പോഠം എന്താണിവിടെ ചെയ്തതു്? ഞെട്ടി. നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ നിലവാരത്തിൻെറ തകർച്ച കണ്ടു് ഞെട്ടി. (സോഡ) നമ്മുടെ രാജ്യത്തിൻെറ വിദ്യാഭ്യാസനിലവാരം ഉയർത്താൻവേണ്ടിയുള്ള ഈ ചർച്ച ഉദ്ഘാടനം ചെയ്യാൻ എന്നെത്തന്നെ തെരഞ്ഞെടുത്തതിൽ ഞാൻ ആനന്ദപുളകിതനാണു്. സന്തോഷപൂർവ്വം ഈ ചർച്ച ഉദ്ഘാടനം ചെയ്തതായി ഞാൻ പ്രഖ്യാപിക്കുന്നു.

ഒന്നാമൻ: ജനങ്ങളെ, നമ്മുടെ വിദ്യാഭ്യാസനിലവാരം തകർന്നുകൊണ്ടിരിക്കയാണെന്നു് കുമാരീകുമാരന്മാരെ പണ്ടാരംവക പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുകയും പഠിപ്പിക്കാനയയ്ക്കുകയുംചെയ്യുന്ന ചില നിരക്ഷരകുക്ഷികഠംക്കു് ആക്ഷേപമുണ്ടു്. വാദത്തിനുവേണ്ടി ഞങ്ങഠം അതു സമ്മതിക്കുന്നു. എന്നാൽ ഈ വിശുദ്ധമായ മഹാരാജ്യത്തിലെ വിദ്യാഭ്യാസ ലാഭക്കച്ചവടത്തിൻെറ മൂന്നിലൊന്നു ഭാഗവും കൈയാളുന്ന ഞങ്ങളുടെ വിഭാഗം ആവശ്യപ്പെടുന്നതെന്തെന്നാൽ ഇത്തരം അടിസ്ഥാനരഹിതമായ ആക്ഷേപങ്ങഠംകൂടി ഇല്ലാതാകുവാൻ പണ്ടാരംവക എല്ലാ പള്ളിക്കൂടങ്ങളും ഞങ്ങളുടെ സുരക്ഷിതമായ കൈകളിൽ ഏല്പിച്ചു തരുവാൻ ഞങ്ങഠം ബഹുമാനപ്പെട്ട മന്ത്രിയോടപേക്ഷിക്കുകയാണു്.

രണ്ടാമൻ: സുഹൃത്തുക്കളെ ഈ മകാരാജ്യത്തെ വിദ്യാഭ്യാസക്കച്ചോടരംഗത്തു് ഒട്ടും മോസംല്ലാത്ത ഞമ്മടെ കൂട്ടരെ ഒയ്‌വാക്കീട്ടൊണ്ടു് പണ്ടാരംബക പള്ളിക്കൂടങ്ങഠം ഒരു കൂട്ടർക്കായിട്ടു് മാത്രം തീരെഴുതിക്കൊടുത്താല് ....

മൂന്നാമൻ: ബഹുമാനപ്പെട്ട മന്ത്രിയെ ഞാനൊരു കാര്യം ഓർമ്മിപ്പിക്കുകയാണ്. മഹത്തായ ഈ രാജ്യത്തിലെ വിദ്യാഭ്യാസക്കച്ചവടരംഗത്തു് ഞങ്ങളുടെ വിഭാഗത്തെ അവഗണിച്ച ഒരൊററ മന്ത്രിയും അമ്മയെ കണ്ടു് മരിച്ചിട്ടില്ല. ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ വർഷങ്ങൾക്കുമുമ്പു നടന്ന ആ സംഭവത്തിലേക്കു ഞാൻ ക്ഷണിക്കുന്നു.

മന്ത്രി: അയ്യോ പേടിപ്പിക്കല്ലെ. നമുക്കു് എന്തുവേണമെങ്കിലും ചെയ്യാം. എന്താണു് നിങ്ങളുടെ ആവശ്യങ്ങൾ?

ഒന്നാമൻ: ഞങ്ങൾക്കു് മൂന്നു് ആയുർവ്വേദകോളേജ് വേണം.

രണ്ടാമൻ: ഞങ്ങളുടെ ആശുപത്രിക്കു് ഉപരിപഠനവിദ്യാഭ്യാസക്കച്ചവടം നടത്തുന്നതിനു് ഒരു ലൈസൻസ് വേണം.

മൂന്നാമൻ: ഞമ്മക്കു് പതിനഞ്ചു് പോളിടെക്കനിക്കു് വേണം.

(മൂന്നുപേരും ശണ്ഠകൂടുന്നു.)

മന്ത്രി: പങ്കുവെക്കാം. പങ്കുവെക്കാം. ബഹുമാനപ്പെട്ട ജനങ്ങളെ, ഞങ്ങളുടെ ഈ വിദ്യാഭ്യാസചർച്ച പരിപൂർണ്ണ വിജയമായിരുന്നു എന്നു് നിങ്ങളെ അറിയിക്കട്ടെ. കൂടുതൽ വിവരങ്ങൾ വഴിയെ തെര്യപ്പെടുത്തുന്നതാണു്.

ഒരാൾ: പരിപാടിയിലെ അടുത്ത ഇനം വിദ്യാഭ്യാസചർച്ച.

മന്ത്രി: ആദ്യം പാഠപുസ്തകങ്ങളെപ്പററിത്തന്നെയാകട്ടെ.

(പുസ്തകങ്ങൾ മൂന്നുപേർക്കും കൊടുക്കുന്നു)

രണ്ടാമൻ: ഹാ പുശ്പമേ! ഇതെന്തു് കത?

മന്ത്രി: ഹാ പുഷ്പമേ! ഏതെങ്കിലും രാജ്യത്തു് ഹാ! എന്നൊരു പ്രയോഗം നിലവിലുണ്ടോ? ഹേ രാമാ

ഹേ കോമാ ഇങ്ങനെയല്ലേ പതിവ്. ഇതു് നമ്മുടെ വിദ്യാത്ഥികളുടെ പെരുമാററച്ചട്ടങ്ങളെ കരുതിക്കൂട്ടി വികലമാക്കാനുള്ള ഏതോ കബുദ്ധികളുടെ കുത്സിത ശ്രമമാണെന്നു് ഞാൻ അറിയുന്നു. ഏതു കോന്തനാണു് ഇതെഴുതിയതു്?

രണ്ടാമൻ: മകാകവി കുരാമനാശാൻ.

മന്ത്രി: ഓ, നമ്മുടെ വള്ളത്തോരാം കുരാമനാശാൻ. ആശാനിപ്പോ ഏതു പള്ളിക്കൂടത്തിലാ....? ഉടനെത്തന്നെ ഹാ പുഷ്പമേ എന്നുള്ളതു് ഹേ പുഷ്പമേ എന്നാക്കി തിരുത്തുവാൻ കല്പന.

ഒന്നാമൻ: കുഞ്ചിയമ്മക്കു് അഞ്ചു മക്കളൊണേ. ദേ, കുഞ്ചിയമ്മക്കു് അഞ്ചു മക്കളോ?

സെക്രട്ടറി: കുഞ്ചിയമ്മക്കു് മക്കളെ ഒന്നു കുറച്ചുകൊടുക്കാൻ.

മന്ത്രി: നമ്മുടെ ഈ പുണ്യപുരാണ ഗർദ്ദഭപുരിയിൽ കുഞ്ചിയമ്മക്കു് അഞ്ചു മക്കളോ? നാം രണ്ടു് നമുക്കു് രണ്ടു് എന്നു് ഉദ്ഘോഷിക്കുന്ന ഈ മഹാരാജ്യത്തിൽ കുഞ്ചിയമ്മക്കു് അഞ്ചു മക്കളോ? ഛായ്.... കുഞ്ചിയമ്മക്കു് മക്കളെ വേണ്ട.

സെക്രട്ടറി: വിവാദമാക്കണ്ട. ഒന്നിരുന്നോട്ടെ.

മന്ത്രി: ശരിയാ .. വിവാദമാക്കണ്ട സഭ പതിക്കും. കുഞ്ചിയമ്മക്കു് ഒന്നു മക്കളൊണേ.

സെക്രട്ടറി: വ്യാകരണത്തെററ്. ഒന്നു മക്കളെ എന്നു് ഒരു പ്രയോഗമില്ല.

മന്ത്രി: എന്നാൽ ഈ പാഠം വേണ്ട.

രണ്ടാമൻ: എന്തായിതു്? കുരങ്ങനിൽനിന്നുമാണു് മനുഷ്യൻ ഉണ്ടായതെന്നോ?

മന്ത്രി: അതുതന്നെയാണു് ഞാനും ആലോചിക്കുന്നതു്. നമ്മളെല്ലാം കുരങ്ങന്മാരിൽ നിന്നാണുണ്ടായതെ

ങ്കിൽ എന്തുകൊണ്ട് ഇന്നത്തെ കുരങ്ങന്മാരിൽനി ന്നും മനുഷ്യന്മാരുണ്ടാവുന്നില്ല? അതുകൊണ്ട് ഈ പാഠവും മാററാൻ കല്പന.

മൂന്നുപേരും: എന്തിനൊന്നാകുന്നു. നമുക്ക് ലാഭകര മായരീതിയിൽ പാഠപുസ്തകങ്ങളൊക്കെ മാററാം.

മന്ത്രി: മാററാം. ഒന്നാം ക്ലാസ്സിൽ ചുരുങ്ങിയത്....

മൂന്നുപേരും: അഞ്ചു പുസ്തകങ്ങളെങ്കിലും വേണം.

മന്ത്രി: രണ്ടാം ക്ലാസ്സിൽ?

മൂന്നുപേരും: അതിന്റെ രണ്ടിരട്ടി.

മന്ത്രി: മൂന്നാം ക്ലാസ്സിൽ?

മൂന്നുപേരും: മൂന്നിരട്ടി

മന്ത്രി: നാലിൽ?

മൂന്നുപേരും: നാലിരട്ടി

മന്ത്രി: അഞ്ചിൽ?

മൂന്നുപേരും: അഞ്ചിരട്ടി. ആറിൽ ആറിരട്ടി. ഏഴിൽ ഏഴിരട്ടി. എട്ടിൽ എട്ടിരട്ടി. ഒമ്പതിൽ ഒമ്പതി രട്ടി. പത്തിൽ പത്തിരട്ടി.

(ഫോട്ടോ–ആക്‌ഷൻ)

രംഗം രണ്ട്

കമന്ററി–

വിശദമായ വിദ്യാഭ്യാസ ചർച്ചകൾക്കുശേഷം ഗർദ്ദഭപുരിയിൽ നടക്കുന്ന ആദ്യത്തെ പൊതുപരീക്ഷ ഏതാനും നിമിഷങ്ങൾക്കുശേഷം ആരംഭിക്കുകയാണ്. ഇതിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളെ നിങ്ങൾക്കു പരിചയപ്പെടുത്താം. ഇതാ ആദ്യമായി സ്റ്റേഡിയത്തിലെത്തിയിരിക്കുന്നത് ഗർദ്ദഭപുരിയിലെ കുബേരന്റെ പുത്രൻ മാരാരാശ്രീ രാജമാന്യ രാജശ്രീ ആനന്ദരാജൻ ആണ്. മററൊന്ന്

ഇടത്തട്ടുകാരനും പണ്ടാരംവക പള്ളിക്കൂടത്തിലെ എഴുത്താശാന്റെ മകനുമായ സോമശേഖരൻ. അവ സാനമായി അരപ്പട്ടിണിക്കാരനും കൂലിവേലക്കാരനുമായ ചാത്തന്റെ മകൻ കരുണനും ഇതാ എത്തിയിരിക്കുന്നു. ഇതാ ഒന്നാംമണി മുഴങ്ങിക്കഴിഞ്ഞു. റഫറിമാർ നീങ്ങിക്കൊണ്ടിരിക്കുന്നു....(കമൻററി തുടരുന്നു. ഒന്നാം സ്ഥാനത്തെത്തിയ ആനന്ദരാജനും പിന്നീട് സോമശേഖരനും സ്ഥലം വിടുന്നു. സ്റ്റേഡിയത്തിൽ കരുണൻ വീണുകിടക്കുന്നു. റഫറിമാർ പോകുന്നു. ചോദ്യക്കടലാസും ഉത്തരക്കടലാസും ചാക്കുകളാണ്.

അല്പം കഴിഞ്ഞ് ഭാഗ്യക്കുറി പരസ്യം (വരുവിൻ ആകാശത്തിന്റെ അനന്തതയിൽ സൂര്യൻ പ്രകാശധോരണി പൊഴിച്ചുകൊണ്ടുനില്ക്കേ നാളെ നടക്കുന്ന കോളേജദ്ധ്യാപകരുടെ ഇൻറർവ്യൂവിൽ പങ്കെടുത്ത് നിങ്ങളുടെ ഭാവി സുരക്ഷിതമാക്കുക. നിങ്ങൾക്ക് നഷ്ടപ്പെടാനുള്ളത് തുച്ഛമായ സംഖ്യയാണ്. എന്നാൽ കിട്ടുന്നതോ ലക്ഷങ്ങളുടെ സ്ത്രീധനമാണ്. അറച്ചുനില്ക്കാതെ മടിച്ചു നിൽക്കാതെ കടന്നുവരൂ ഇൻറർവ്യൂവിൽ പങ്കെടുക്കൂ. നാളെ നാളെ....)

## രംഗം മൂന്ന്

മൂന്നുപേർ രംഗത്തെത്തുന്നു.

മൂന്നുപേരും: പ്യൂൺ, പേരുകൾ വിളിക്കൂ

പ്യൂൺ: കെ. ആനന്ദരാജ്

(ആനന്ദരാജ് കടന്നുവരുന്നു. കമൻററിയിൽ ശ്രദ്ധ)

മൂന്നുപേരും: വാട്ടീസ് ദിസ്? ദിസീസ് നോട്ട് എ മാർക്കററ്. ദിസീസ് ഏനോഫീസ്.

ഒന്നാമൻ: എന്താണ് ഹേ മിസ്റ്റർ ഒരു മാനേഴ്സില്ലാതെ?

രണ്ടാമൻ: നിങ്ങൾ ഒരു കോളേജദ്ധ്യാപകൻെറ ഇൻറർവ്യൂവിനാണ് വന്നതെന്ന് ഓർമ്മവേണം.

മൂന്നാമൻ: നിങ്ങളെപ്പോലുള്ള ഒരുവൻെറ കയ്യിൽ എങ്ങനെയാണ് മിസ്റ്റർ ഒരു ക്ലാസിൻെറ ചുമതല- യേല്പിക്കുക?

ആനന്ദരാജൻ: നിങ്ങളെന്തിനാ ഇങ്ങനെ ചൂടാകുന്നത്? ഞാനൊരു ക്രിക്കററുകളി ഭ്രാന്തനാണ്. നൗ ദി സ്കോർ ബോർഡ് ഷോസ് ട്ട ട൯റി ഫോർ നയൻ വിക്കററ്സ്.

മൂന്നുപേരും: യൂ ഗെററൗട്ട്!

ആനന്ദരാജൻ: ഹേ മിസ്റ്റർ! ഞാനൊരു ഇൻറർവ്യൂവിന് വന്നതാണെന്നും അതിന് ചില മാനേഴ്സ് പാലിക്കേണ്ടതുണ്ടെന്നും എനിക്കറിയാം. പിന്നെ നിങ്ങൾ വിചാരിക്കുന്നതുപോലെ തെണ്ടിത്തിരിഞ്ഞുനടക്കുന്നവനല്ല ഞാൻ. നിങ്ങൾക്കിഷ്ടമില്ലെങ്കിൽ ഞാൻ പോയേക്കാം. നിങ്ങൾക്കെന്നെ മനസ്സിലായില്ലെന്നു തോന്നുന്നു. ഞാനാണ് ഗർദ്ദഭപുരിയിലെ കുബേരൻെറ പുത്രൻ ആനന്ദരാജൻ.

(മൂന്നുപേരും ആനന്ദരാജനെ ചുററുന്നു)

ഒന്നാമൻ: അച്ഛനോട് ഇതൊന്നും പറയരുതേ.

രണ്ടാമൻ: ഒന്നു ഫോൺ ചെയ്താൽ പോരായിരുന്നോ. ഒരു തെററിദ്ധാരണ ഒഴിവാക്കാമായിരുന്നു.

മൂന്നാമൻ: പുതിയ ആയുർവ്വേദ കോളേജ് അനുവദിക്കാൻ പോണെന്നു കേട്ട എൻെറ കാര്യം മന്ത്രിയോട പറയാൻ അച്ഛനോട പറയണേ!

ആനന്ദരാജൻ: എന്നാണ് നിയമനം?

ഒന്നാമൻ: അടുത്ത പതിനാറിന് ആനന്ദരാജൻ ഇങ്ങോട്ടു പോന്നോളൂ. നിയമനം ഉടൻ കൈയിൽ.

ആനന്ദരാജൻ: ഇപ്പോഠം എത്തിനില്ക്കുന്ന ലേലത്തുക എത്രയാണ്?

രണ്ടാമൻ: അതിപ്പോ എത്രയായാലും ആനന്ദരാജനോട് അതു വാങ്ങുന്നതു ശരിയല്ലല്ലോ.

ഒന്നാമൻ: അല്ലെങ്കിലും ആനന്ദരാജന് ഒരു ജോലിയുടെ ആവശ്യമില്ലല്ലോ.

ആനന്ദരാജൻ: നോ നോ. ഇതു് ഒരു കച്ചവടസ്ഥാപനമാണ്. ഇററീസ് എ ബിസിനസ്. ബിസിനസ് ഈസ് ആഠംവെയ്സ് ബിസിനസ്. നിങ്ങഠംക്ക് നഷ്ടം വരാത്ത ഒരു തുക അച്ഛനോട് ഫോൺചെയ്തു പറഞ്ഞോളൂ. കിട്ടും. ശരി പോട്ടെ. പോകുന്നു. (മൂന്നുപേരും അകമ്പടിപോയശേഷം തിരിച്ചുവരുന്നു)

മൂന്നുപേരും: നെക്സ്റ്റ്.

പ്യൂൺ: സോമശേഖരൻ

സോമശേഖരൻ: മെ ഐ കമിൻ സാർ?

മൂന്നുപേരും: യസ്.

സോമശേഖരൻ: (കടന്നുവന്ന്) ഗുഡ് മോണിങ്ങ് സാർ

ഒന്നാമൻ: കാര്യം തുറന്നു പറയാമല്ലോ. ഞങ്ങളെപ്പോലുള്ളവർ ഇത്തരം വിദ്യാഭ്യാസ കച്ചവട സ്ഥാപനങ്ങഠം നടത്തുന്നതു ലാഭം കിട്ടുന്നതിനുവേണ്ടിയാണ്.

രണ്ടാമൻ: നിങ്ങളെപ്പോലുള്ളവരെ നിയമിച്ചു കിട്ടുന്ന തുകയാണ് ഞങ്ങളുടെ—

മൂന്നുപേരും: ഏകവരുമാനം.

രണ്ടാമൻ: അതുകൊണ്ട് ഒരു ലക്ഷം രൂപയാണ് ഇപ്പോഠം എത്തിനില്ക്കുന്ന ലേലത്തുക.

മൂന്നുപേരും: തുകയുമായി വന്നാൽ നിയമനം

സോമശേഖരൻ: അതല്പം കൂടുതലല്ലേ സാർ?

മൂന്നുപേരും: കൂടുതലോ?

സോമശേഖരൻ: ഇക്കാലത്തു് ഒരു ജോലി ലഭിക്കണമെങ്കിൽ രൂപ കൊടുക്കണമെന്ന് എനിക്കറിയാം.

അതുകൊണ്ട് ഞാൻ അമ്പതിനായിരം രൂപ കൊണ്ട വന്നിട്ടുണ്ട്, സാർ.

മൂന്നപേരും: ഒരു ലക്ഷം

സോമശേഖരൻ: ഞങ്ങൾക്കാകെ പത്തു സെൻറ് പുരയിടമേയുള്ളു. അതു് വിററാൽ—ഞാൻ ഒരു 75000 രൂപ തരാം സാർ.

മൂന്നപേരും: ഒരു ലക്ഷം

സോമശേ: പെങ്ങളുടെ കല്യാണത്തിനു് അല്പം സ്വർണ്ണം കരുതിയിട്ടുണ്ട്. സാർ 85000 രൂപ തരാം സർ

മൂന്നപേരും: ഒരു ലക്ഷം

സോമശേ: പതിനയ്യായിരം രൂപയുടെ കുറവല്ലെ ഉള്ളു. ഈ ജോലി എനിക്കു തരൂ സാർ.

മൂന്നപേരും: ഒരു ലക്ഷം

സോമശേ: അച്ഛൻെറ പെൻഷൻ കമ്യൂട്ട് ചെയ്താൽ? ശരി സ്ർ, ഞാൻ ഒരു ലക്ഷം രൂപതരാം. ഈ പോസ്റ്റ് എനിക്കു തരണം സർ.

മൂന്നപേരും: അങ്ങനെ വഴിക്കു വാ. 16–ാം തിയ്യതിക്കുള്ളിൽ തുകയുമായി വന്നാൽ നിയമനം.

(സോമശേഖരൻ പോകുന്നു)

നെക്സ്റ്റ്

പ്യൂൺ പാത്തൻ മകൻ കരുണൻ

(കരുണൻ കടന്നുവന്നു)

കരുണൻ: മെ ഐ ഗെററിൻ സർ. ഗുഡ്മോണിങ്ങ് സർ. സർ എനിക്കു് എം. എക്കു് ഫസ്റ്റ്ക്ലാസുണ്ട് അച്ഛനും അമ്മയും വളരെ കഷ്ടപ്പെട്ടാണു് എന്നെ പഠിപ്പിച്ചതു്. ഈ ജോലി എനിക്കു കിട്ടിയാൽ എൻെറ മൂന്നു സഹോദരിമാരെ കെട്ടിച്ചയക്കാൻ കഴിയും. ഈ ജോലി എനിക്കു തരണം സർ.

മൂന്നപേരും: വെറുതെ ജോലിതരാൻ ഇതൊരു ധമ്മസ്ഥാപനമല്ല.

കരുണൻ: എന്നെപ്പോലെ ഒരു പാവപ്പെട്ടവനോട് കൈക്കൂലി ചോദിക്കരുതു് സർ. ഇത്രയും വലിയ ഒരു തുക ഞങ്ങൾക്കു് സ്വപ്നംകാണാൻകൂടി വയ്യ.

മൂന്നുപേരും: ഒരു ലക്ഷം രൂപയാണ് ലേലത്തുക. തുക യുമായി വന്നാൽ നിയമനം.

കരുണൻ: എനിക്ക് ഈ ജോലി തരണം സർ. പ്ലീസ് (കാലുകളിൽ വീഴുന്നു)

മൂന്നുപേരും: തനിക്ക ജോ ചിതരില്ലെന്ന് ആരെങ്കിലും പറഞ്ഞോ? അതിന് ചില നടപടിക്രമങ്ങളൊക്കെയില്ലേ?

ഇൻററർവ്യൂ. പ്യൂൺ, ഇൻററർവ്യൂ.

(ഇൻററർവ്യൂ-കണ്ണു മൂടിക്കെട്ടിയ നിലയിൽ കരുണൻ)

ഒന്നാമൻ: മോനേ, കുട്ടപ്പാ! ഇങ്ങ വാ. മോനു് ജോലി വേണ്ടേ. ചാടിക്കോ!

രണ്ടാമൻ: മോനേ, ഇങ്ങോട്ടു വാ. ജോലി അതാ മോളിലുണ്ട്. ചാടിക്കോ!

മൂന്നാമൻ: ചാട്, ചാട് പെങ്ങന്മാരെ കെട്ടിക്കണ്ടേ? (കരുണൻ ചാടിക്കൊണ്ടിരിക്കുന്നു. തളർന്ന് വേദിയിൽ വീഴുന്നു)

മൂന്നുപേരും: ഫലം പതിനാറിന് പ്രഖ്യാപിക്കും. (പോകുന്നു)

കരുണൻ: അച്ഛൻ വാങ്ങിത്തന്ന പുത്തനുടുപ്പുമണിഞ്ഞു് ആദ്യമായി പള്ളിക്കൂടത്തിലേക്ക പോയതു് ഞാനോർക്കുന്നു. പരീക്ഷയുടെ കഠിന യാതനകളും അവ നേടിത്തന്ന ബിരുദപത്രങ്ങളും എൻെറ കഴുത്തിൽ വന്നുവീഴുന്ന കുരുതിമാലകളാണെന്നു് എനിക്കറിയില്ലായിരുന്നു. സേവനത്തിൻെറ മഹാ മന്ത്രങ്ങൾ പാടുന്ന രാജ്യപാലകർ എന്നെ നയിച്ചിരുന്നതു് നിധി കാക്കുന്ന ഭൂതങ്ങൾക്കുള്ള ബലിക്കളത്തിലേക്കായിരുന്നുവെന്നു് എനിക്കറിയില്ലായിരുന്നു. എൻെറ അമ്മയച്ഛന്മാരെ, എൻെറ കൂടപ്പിറപ്പുകളെ, നമ്മൾ നയിക്കപ്പെടുന്നതു് ബലിക്കളത്തിലേക്കാണ്. സമ്പന്നവർഗ്ഗത്തിൻെറ നിധി കാക്കുന്ന ഭൂതങ്ങൾക്കുള്ള ബലിക്കളത്തിലേക്കാണ്.

(കോറസ് ആവർത്തിക്കുന്നു)

# അനന്തതയുടെ നാൽക്കവലയിൽ

ശുഭ്രമായ കടലാസ്സിനുമുമ്പിൽ
മഷിനിറച്ച പേനയുമായി ഞാനിരുന്നു
മനുഷ്യന്റെ മഹത്വത്തെപ്പററി എഴുതാനായി
ആലോചിക്കവേ കാലം പിറകോട്ടുപോയി
നരനായിത്തീർന്ന വാനരനിൽനിന്നു
കോടിക്കോടി കൊല്ലം പിറകോട്ട്
അമീബയിലൂടെ.
അമിനോ അമ്ളങ്ങളിലൂടെ
ഭൂമിയുടെ ശൈശവത്തിലേക്ക്
നക്ഷത്ര സമൂഹങ്ങളിലേക്ക്
ഗാലക്സികളിലേക്ക്
വികസിക്കുന്ന വിശ്വത്തിലേക്ക്
പേരില്ലാത്ത പ്രാക് പ്രപഞ്ചവസ്തുവിന്റെ
പ്രചണ്ഡമായ വിസ്ഫോടനത്തിലേക്ക്!
''സമയത്തിന്റെ തുടക്ക''ത്തിലേക്ക്!
എന്റെ കണ്ണുകൾ നീളുന്നു
ആയിരംകോടി പ്രകാശവർഷത്തിനുമപ്പുറത്തേക്ക്
എന്നിട്ടും
അററം കാണാതെ വലയുന്നു
പക്ഷേ
പ്രപഞ്ചത്തെ മുഴുവൻ

ഞാനെൻെറ മസ്തിഷ്കത്തിൽ ഒതുക്കുന്ന
ഒന്നിനുപുറകേ ഇരുപത്തിയാറുപൂജ്യംകൊണ്ട്
പ്രപഞ്ചവും ഞാനും തമ്മിലുള്ള ബന്ധം!
ഇതിൻെറ പൊരുളെന്തു ?
പൊരുളിൻെറ പൊരുളെന്തു്?
ഞാൻ പകച്ചുനിന്നു,
അനന്തതകളുടെ നാൽക്കവലയിൽ
മൗലികകണങ്ങളുടെ ലോകത്തിലേക്ക്
ഞാൻ തിരിഞ്ഞുനടന്നു.
ചെറുതിൽനിന്നു് ചെറുതിലേക്ക്
തലനാരിഴ ലക്ഷം കോടിയായ്കീറി
ഒന്നിനുപിറകെ പതിനാറുപൂജ്യംകൊണ്ട്
അതിനെ ഞാനെന്നോട് കൂട്ടിക്കെട്ടി
അങ്ങനെ അനന്തതെ സ്വന്തമാക്കി
ഒന്നിനുപിറകെ നാല്പത്തിരണ്ടു പൂജ്യം
അതാണെൻെറ പ്രപഞ്ചം
സ്പേസിൻെറ മഹാവീഥിയിൽ
ചെറുപ്പത്തിൻെറ ചെറുപ്പത്തേയും
പൂജ്യംകൊണ്ട് കൂട്ടിക്കെട്ടി
മസ്തിഷ്കത്തിലൊതുക്കി
നിൽക്കുകയാണു ഞാൻ
അനന്തതയുടെ നാൽക്കവലയിൽ
ഒററപ്പെട്ട മസ്തിഷ്കങ്ങളാം
മസ്തിഷ്കക്കൂട്ടങ്ങളാം
ക്ഷണിക ജീവിയായ മനുഷ്യൻ
കൗമാരം കടക്കാത്ത മാനവസംസ്കാരം
അതു് നേടിയതെന്തു്? നേടാത്തതെന്തു്?
പ്രോട്ടോണിനു കുറുകെ
പ്രയാണംചെയ്യുന്ന പ്രകാശം

സമയത്തിന്റെ നിമ്ന്നസീമ
പത്തു്ഘാതം മൈനസ് ഇരുപത്തിനാല്
മഹത്തായ വികാസത്തിന്റെ ആരംഭം
ആയിരം കോടി സംവത്സരങ്ങൾക്കുമപ്പുറം
പ്രോട്ടോണിനുകുറുകെ പ്രകാശം
ചലിച്ചുകൊണ്ടേയിരുന്നു.
സമയത്തിന്റെ മൗലിക മാത്രകൾ
കുറിച്ചുകൊണ്ടേയിരുന്നു
പത്തു്ഘാതം നാല്പത്തിരണ്ട് പ്രോട്ടോൺ പ്രകാശം*
സ്ഥലകാലങ്ങളുടെ, സൂക്ഷ്മസ്ഥൂലങ്ങളുടെ സംഗമം
പത്തു്ഘാതം നാല്പത്തിരണ്ട്
അനന്തമായ സ്പേസിലൂടെ
അവിരാമമായി ചലിക്കുന്ന
അനാദിയായ ദ്രവ്യം.
അതിന്റെ ഉണ്മ!
അതിന്റെ എണ്ണമററ രൂപഭാവങ്ങൾ
അതിലാണ് എന്റെ മസ്തിഷ്ക്കവും.
അതിലൊതുങ്ങുന്ന പ്രപഞ്ചം
അത്ഭുതസ്തബ്ധനായി നില്ക്കുകയാണു ഞാൻ
അനന്തതകളുടെ നാൽക്കവലയിൽ!

---

* പ്രോട്ടോൺ പ്രകാശം:- $10^{-14}$ സെ. മീ. വ്യാസമുള്ള പ്രോട്ടോണിന്റെ ഒരററത്തുനിന്ന് മറേറ അററത്തേക്ക് $3 \times 10^{-10}$ സെ. മീ. 1 സെ. മീ. വേഗത്തിൽ പ്രകാശത്തിന് സഞ്ചരിക്കാൻ വേണ്ട സമയം $= 10^{-24}$ സെക്കണ്ട്.

ശാസ്ത്രകലാജാഥയിലെ ഗാനങ്ങളും സംഗീത ശില്പങ്ങളും നാടകങ്ങളും ഒക്കെ കൂട്ടായ പ്രവർത്തനത്തിന്റെ ഉല്പന്നങ്ങളാണ്. സമൂഹത്തോട് പ്രതിബദ്ധതയില്ലാത്ത സാഹിത്യകാരന്മാർ സഹിക്കാനാവാത്ത ഉറംവിളിയാൽ നടത്തുന്ന ആത്മാവിഷ്കാരങ്ങളല്ല അവ. ശാസ്ത്രസാഹിത്യ പരിഷത്തിനു് ജനങ്ങളുമായി പല അനുഭവങ്ങളും പങ്കിടാനുണ്ട്. അതിനായി ഉപയോഗിക്കുന്ന മാധ്യമങ്ങളിലൊന്നാണ് ശാസ്ത്രകലാജാഥ. രണ്ടുമൂന്നു തവണകളായി നടന്ന ക്യാമ്പുകളിലൂടെ ഒട്ടേറെ പരിഷത്ത് പ്രവർത്തകരുടെ പ്രയത്നത്തിന്റെ ഫലമായാണ് ഇവയും ഉള്ളടക്കവും രൂപവും ഉരുത്തിരിഞ്ഞുവന്നതു്. ഈ ഉദ്യമത്തിൽ സഹകരിച്ച എല്ലാവരോടും കൃതജ്ഞത രേഖപ്പെടുത്തുവാൻ ഈ അവസരം ഉപയോഗിക്കട്ടെ.

**കേരള ശാസ്ത്രസാഹിത്യപരിഷത്ത്**

# ശാസ്ത്രകലാജാഥ

## 1985

നവമ്പർ–7 — ഡിസമ്പർ–7

നെന്മാറ (പാലക്കാട്) — പട്ടുവം (കണ്ണൂർ)

പൊൻകുന്നം (കോട്ടയം) — പരവൂർ (കൊല്ലം)



ശാസ്ത്രം
സാമൂഹ്യ വിപ്ലവത്തിന്

യൂണിയൻ കാർബൈഡ് ഉല്പന്നങ്ങൾ ബഹിഷ്കരിക്കുക.